(ബി) 'ജിം' പ്രോജക്ടുകൾക്ക് അനുമതി നൽകുന്നതിനുള്ള ഒരു ദ്രുത സംവിധാനമായി പ്രവർത്തിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടെ ഒരു ഉന്നതതല നിക്ഷേപ പ്രോത്സാഹന ബോർഡിന് രൂപം നൽകിയിട്ടുണ്ട്. പ്രത്യേകമായി ഒരു ടാസ്ക് ഫോഴ്സിന് രൂപം നൽകിയിട്ടില്ലെങ്കിലും നിക്ഷേപ പ്രോത്സാഹന ബോർഡിന്റെ ഫീൽഡ് ആഫീസായ കെ.എസ്.ഐ.ഡി.സി. നിക്ഷേപ സമാഹരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(സി) നിക്ഷേപ പ്രോത്സാഹന ബോർഡിലെ അംഗങ്ങളുടെ വിവരങ്ങൾ അടങ്ങിയ സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

ഇ.ആർ.സി. നൽകിയ ശുപാർശകൾ

9 (4169) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. പി. നാരായണൻ :
ശ്രീ. എം. കുമാരൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി (ഇ.ആർ.സി.) സർക്കാരിന് നൽകിയ ശുപാർശകളിൽ ഏതെല്ലാം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇ.ആർ.സി. യുടെ പരിശോധനയിൽ പുനഃസംഘടനയ്ക്കായി ശുപാർശ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ് ;

(സി) ഇ.ആർ.സി. ഇതിനകം സർക്കാരിന് സമർപ്പിച്ചിട്ടുള്ള ശുപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇ.ആർ.സി. ചെയർമാൻ ശ്രീ. ആർ.സി. ചൗധരിയെ കെൽട്രോണിന്റെ ചെയർമാനായി നിയമിച്ചിട്ടുണ്ടോ ;

(ഇ) ഇ.ആർ.സി. ചെയർമാനെ കെൽട്രോണിന്റെ ചെയർമാനായി നിശ്ചയിച്ചത് കെൽട്രോണിന്റെ പുനഃസംഘടനാ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് ഉദ്ദേശിച്ചാണോ ;

(എഫ്) ഇ.ആർ.സി. യുടെ പ്രവർത്തനങ്ങൾക്കായി ഇതിനകം സർക്കാർ ചെലവഴിച്ചിട്ടുള്ള തുക എത്രയാണ് ;

(ജി) ഇ.ആർ.സി. യിൽ ഉൾപ്പെടുന്ന അംഗങ്ങൾ ആരൊക്കെയാണ് ; അവരുടെ യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി (ഇ.ആർ.സി.) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഏതാനും പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചുള്ള പുനരുദ്ധാരണ റിപ്പോർട്ട് സർക്കാരിനു നൽകിയതിൽ 17 എണ്ണത്തെ സംബന്ധിച്ച ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ കമ്പനികളുടെ പേരുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇ.ആർ.സി. 27 പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിശദമായ പുനരുദ്ധാരണ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും അതിൽ 17 സ്ഥാപനങ്ങളെ സംബന്ധിച്ച ശുപാർശകൾ സർക്കാർ അംഗീകരിക്കുയും ചെയ്തിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ ഫോർമുലേഷൻ ഡിവിഷൻ, സീതാറാം ടെക്സ്റ്റൈൽസിന്റെ സ്പിന്നിംഗ് യൂണിറ്റ്, കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ യൂണിറ്റുകളായ എടരിക്കോട് ടെക്സ്റ്റൈൽസ്, പ്രഭൂറാം മിൽസ്, കേരള സിറാമിക്സിന്റെ കയോലിൻ ഡിവിഷൻ എന്നിവ പൊതുമേഖലയിൽതന്നെ നിലനിർത്താനുള്ള ഇ.ആർ.സി. യുടെ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കേരള സോപ്പ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, കേരള സിറാമിക്സിന്റെ പോഴ്സലൈയിൻ ഡിവിഷൻ, കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ ഒരു യൂണിറ്റായ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ് എന്നിവയിൽ ജീവനക്കാർക്ക് വി.ആർ.എസ്. നൽകിയ ശേഷം അടച്ചുപൂട്ടുന്നതിനും കെൽട്രോൺ കൗണ്ടേഴ്സ്, ആസ്ട്രൽ വാച്ചസ്, കേരള സ്റ്റേറ്റ്സ് ഡ്രഗ്സ് ആന്റ് ഫാർമ സ്യൂട്ടിക്കൽസിന്റെ വിറ്റമിൻ എ ഡിവിഷൻ, കേരളാ സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, സീതാറാം ടെക്സ്റ്റയിൽസ്, ആട്ടോ കാസ്റ്റ്, കേരള സ്റ്റേറ്റ് ഡിറ്റർജെന്റ് ആന്റ് കെമിക്കൽസ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ അധീനതയിലുള്ള കോട്ടയം ടെക്സ്റ്റയിൽസ് എന്നിവയെ സ്വകാര്യ പങ്കാളിത്തത്തോടെ പുനരുദ്ധരിക്കുന്നതിനുമുള്ള ഇ.ആർ.സി യുടെ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ ടെൽക്കിൽ അധികമുള്ള ജീവനക്കാരെ എംപ്ലോയി സെപ്പറേഷൻ സ്കീമിൽ കൊണ്ടുവന്നശേഷം പൊതുമേഖലയിൽത്തന്നെ നിലനിർത്തി സ്വകാര്യ പങ്കാളിത്തത്തോടെ പുനരുദ്ധരിക്കുക, കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് തൊഴിലാളികളെയും അതേ സ്കീമിൽപ്പെടുത്തിയശേഷം പൊതുമേഖലയിൽത്തന്നെ നിലനിർത്തുക, ചേർത്തല കൺസ്ട്രക്ഷൻ കമ്പോണൻസിലുള്ള എല്ലാ ജീവനക്കാരേയും സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാപദ്ധതിയിൽ കൊണ്ടുവന്നശേഷം തൊഴിലാളി യൂണിയനുകളുമായി ചർച്ച ചെയ്ത് കമ്പനി അടച്ചുപൂട്ടുക, കേരള ഗാർമെന്റ്സിലെ ജീവനക്കാർക്ക് വി.ആർ.എസ്. നടപ്പാക്കുകയും ഒരു എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ച് കമ്പനി കൈമാറുക, കെൽട്രോൺ റെക്ടിഫയേഴ്സിലെ മുഴുവൻ ജീവനക്കാർക്കും വി.ആർ.എസ്. നടപ്പാക്കുന്നതിനായി 417.95 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുക എന്നീ ശുപാർശകളും സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്.

(ഇ) അല്ല. ഇ.ആർ.സി. യുടെ ആസ്ഥാനം തിരുവനന്തപുരത്തായതു കൊണ്ടാണ് അദ്ദേഹത്തെ കെൽട്രോൺ ചെയർമാനായി മാറ്റിനിയമിച്ചത്.

(എഫ്) 2002-03 വർഷത്തിൽ 40 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ജി) ശ്രീ. ആർ.സി. ചൗധരി, ഐ.എ.എസ്. (റിട്ട.) ചെയർമാനും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, അതത് ഭരണ വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറിമാർ, ആസൂത്രണ വകുപ്പ് സെക്രട്ടറി, നിയമ വകുപ്പുസെക്രട്ടറി, തൊഴിൽ വകുപ്പ് സെക്രട്ടറി, ബി.പി.ഇ. സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡിന്റെ മെമ്പർ സെക്രട്ടറി എന്നിവർ അംഗങ്ങളും, ഡോ. സി.ജി. കൃഷ്ണദാസ് നായർ (മുൻ ചെയർമാൻ, ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ്), ശ്രീ.പി. ത്യാഗരാജൻ, ഐ.ആർ.എസ്. (റിട്ട.) (മുൻ പ്രിൻസിപ്പൽ കമ്മീഷണർ ഓഫ് ഇൻകം ടാക്സ്, കേരളം) എന്നിവർ പാർട്ട് ടൈം വിദഗ്ദ്ധ അംഗങ്ങളുമാണ്.

പൊതുമേഖലാ വ്യവസായ രംഗത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങൾ

10 (4170) ശ്രീ. പി. സി. ജോർജ് :
ഡോ. തോമസ് ഐസക് :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ വ്യവസായരംഗത്ത് എന്തെല്ലാം പരിഷ്ക്കാരങ്ങൾ കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ; സർക്കാരിന്റെ വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം എന്തെല്ലാം പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തുകയുണ്ടായി ;

(ബി) പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ തിരിച്ചടി ഉണ്ടായോ എന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തിന്റെയും തൊഴിലാളികളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന ഒരു പൊതുമേഖലാ വ്യവസായ പുനഃസംഘടനയെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) സ്വന്തം വിഭവ സമാഹരണത്തിലൂടെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമായി മാറ്റാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനകം പൊതുമേഖലാ വ്യവസായങ്ങൾക്ക് നൽകിയ ഓഹരിമൂലധനം, വായ്പാ മൂലധനം, സബ്സിഡികൾ, ഗ്രാന്റുകൾ, ഗവൺമെന്റ് ഗ്യാരണ്ടി തുടങ്ങിയവയെ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

8. മൂല്യം കുറഞ്ഞ ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനായുള്ള പദ്ധതി.

9. മാംസത്തിന്റെയും മാംസോൽപ്പന്നങ്ങളുടെയും വിപണനം, ഗുണനിലവാര നിയന്ത്രണം, സംഭരണം, ട്രാൻസ്പോർട്ടിങ്ങ് എന്നിവ വികസിപ്പിക്കാനുള്ള/ മെച്ചപ്പെടുത്താനുമുള്ള പദ്ധതി.

10. ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്ക് മുൻഘട്ടങ്ങളോടുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്താനും വിപണനശേഷി വർദ്ധിപ്പിക്കാനുമുള്ള പദ്ധതി.

അനുബന്ധം - III

[25-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 9 (4169) ദയവായി കാണുക]

1. Keltron Counters Ltd.
2. Astral Watches Ltd.
3. The Kerala Ceramics Ltd.
4. Trivandrum Spinning Mills Ltd.
5. Kerala Soaps & Oils Ltd.
6. Kerala State Drugs & Pharmaceuticals Ltd.
7. Kerala State Salicylates & Chemicals Ltd.
8. Sitaram Textiles Ltd.
9. Autokast Ltd.
10. Kerala State Detergents & Chemicals Ltd.
11. Travancore Plywood Industries Ltd.
12. Kerala State Textile Corporation Ltd.
13. Kerala Garments Ltd.
14. Kerala Construction Components Ltd.
15. Transformers & Electrical Kerala Ltd.
16. United Electrical Industries Ltd.
17. Keltron Rectifiers Ltd.

LIBRARY ARCHIVES Kerala Legislative Assembly